ഭണ സമരങ്ങൾ നടക്കുകയാണ്. വൈക്കം ഗ്രാമപഞ്ചായത്തും വൈക്കം ബ്ലോക്ക് പഞ്ചായത്തും ഒരു സ്ഥിരം ഡോക്ടറെ നിയമിക്കണമെന്ന പ്രമേയം പാസ്സാക്കി ഗവൺമെന്റിന് അയച്ചിട്ടുണ്ട്. പലവട്ടം എം.എൽ.എ എന്നുള്ള നിലയിൽ ഞാൻ ഈ വിവരങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ ആശുപത്രിയിൽ ഒരു സ്ഥിരം ഡോക്ടറെ നിയമിക്കണമെന്നും ഹെൽത്ത് സെന്ററിന്റെ ക്വാർട്ടേഴ്സിൽ താമസിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കണമെന്നും ഞാൻ ഈ സബ്മിഷനിലൂടെ ഗവൺമെന്റിനോടഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) : സർ, കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിൽപ്പെട്ട ഇടയാഴം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അഞ്ച് ഡോക്ടർമാരുടെ തസ്കിതയാണ് നിലവിലുള്ളത്. 1.11.1999-ലെ ഉത്തരവുപ്രകാരം രണ്ടു ഡോക്ടർമാരെ പി.എസ്.സി. വഴി നിയമിച്ചുവെങ്കിലും വിവിധ കാരണങ്ങളാൽ അവർ ജോലിയിൽ പ്രവേശിക്കുകയുണ്ടായില്ല. ആയതിനാൽ രോഗികളുടെ ബുദ്ധിമുട്ടൊഴിവാക്കാൻ നാല് ഡോക്ടർമാരെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഡോക്ടർമാരുടെ ഒഴിവ് നികത്താനായി ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് പി.എസ്.സി. യോട് ആവശ്യപ്പെട്ടിട്ടുണ്ട്. പി.എസ്.സി. ലിസ്റ്റ് കിട്ടുന്ന മുറക്ക് ഇടയാഴത്ത് ഒരു ഡോക്ടറെക്കൂടി നിയമിക്കുന്നതാണ്.

(10) കൊടുവള്ളി പഞ്ചായത്തിലെ പി.എച്ച്.സി, സി.എച്ച്.സി ആയി മാറ്റണമെന്ന ആവശ്യം

ശ്രീ. സി. മൊയിൻകുട്ടി : സർ, എനിക്ക് വളരെ ഗൗരവതരമായ വിഷയമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്. എന്റെ മണ്ഡലത്തിലെ കൊടുവള്ളി ഹെൽത്ത് സെന്ററിനുവേണ്ടിയുള്ള ആവശ്യം കഴിഞ്ഞ 25 വർഷമായി ഉയർന്നുവന്നിട്ടുള്ളതാണ്. പലതവണ സഭയിൽ ഈ കാര്യമുന്നയിച്ചു. സബ്മിഷൻ കൊണ്ടുവന്നു, നേരിൽ സംസാരിച്ചു. മന്ത്രി വളരെ വ്യക്തമായ ഉറപ്പുനൽകിയിരുന്ന കാര്യമാണ്. നിയമസഭയ്ക്കകത്തും പുറത്തും ഒരു പൊതുപരിപാടിയിൽ പങ്കെടുത്തപ്പോഴും ബഹുമാനപ്പെട്ട മന്ത്രി ഉറപ്പുനൽകിയിരുന്ന കാര്യമാണ്. 99 സെന്റ് സ്ഥലവും സ്വന്തമായ കെട്ടിടവും ഇലക്ട്രിക് സൗകര്യമുള്ള ഈ പ്രൈമറി ഹെൽത്ത് സെന്ററിന്റെ കീഴിൽ ഏഴ് കുടുംബക്ഷേമ ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. ഇതു സംബന്ധിച്ച് നാട്ടിൽ വന്പിച്ച പ്രക്ഷോഭണ പരിപാടികളാണ് നടക്കുന്നത്. ഒരു പഞ്ചായത്തുടനീളം ഹർത്താൽ ആചരിക്കുകയാണ്, അതുപോലെതന്നെ ബ്ലോക്ക് പഞ്ചായത്തിൽ ഉപരോധം നടത്തുകയും, കക്ഷിരാഷ്ട്രീയത്തിനതീതമായി ഇരുപത്തിയഞ്ച് കൊല്ലമായി നിരന്തരമായ പോരാട്ടമാണ് അവിടെ നടക്കുന്നത്. ഇരുപത്തിയഞ്ച് കൊല്ലമായി നിലനിൽക്കുന്ന ഈ ആവശ്യം വളരെ അടിയന്തിരമായി അനുവദിച്ചു കിട്ടണം. അതൊരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി കബീർ) : സർ, ഓരോ ബ്ലോക്കിലും ഓരോ പി.എച്ച്.സി. ഘട്ടംഘട്ടമായി ഉയർത്തി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കുകയെന്ന രീതിയാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്. കൊടുവള്ളി മണ്ഡലത്തിൽപ്പെട്ട കൊടുവള്ളി ബ്ലോക്കിലെ 67 കിടക്കകളും മെഡിക്കൽ ഓഫീസർമാർ ഉൾപ്പെടെ 32 ജീവനക്കാരുമുള്ള താമരശ്ശേരി ഗവൺമെന്റ് ആശുപത്രി 12.11.1999-ലെ സർക്കാർ ഉത്തരവ് പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

സി.എച്ച്.സി യായി ഉയർത്തിയിട്ടുണ്ട്. കൊടുവള്ളി ബ്ലോക്കിൽ താമരശ്ശേരി ആശുപത്രി കൂടാതെ കൊടുവള്ളി, പുതുപ്പാടി, ഓമശ്ശേരി, കിഴക്കോട്ട്, മടവൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുമുണ്ട്. താമരശ്ശേരി ഗവൺമെന്റ് ആശുപത്രി ഒഴികെ മറ്റെല്ലായിടത്തും ചികിൽസക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വയനാട് ചുരത്തിൽവച്ച് അപകടമുണ്ടായാൽ പെട്ടെന്നുതന്നെ എത്തിച്ചേരാവുന്ന ആശുപത്രിയാണ് താമരശ്ശേരി. കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തു താമരശ്ശേരി ഗവൺമെന്റ് ആശുപത്രിയെ സി.എച്ച്. സി ആക്കി ഉയർത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. കൊടുവള്ളി പ്രാഥമികാരോഗ്യ കേന്ദ്രം സാമൂഹികാരോഗ്യ കേന്ദ്രമാക്കണമെന്ന ആവശ്യം ധനലഭ്യതയനുസരിച്ച് പരിശോധിക്കുന്നതാണ്.

(11) വാഴൂർ മണ്ഡലത്തിലെ കങ്ങഴ, നെടുംകുന്നം, കറുകച്ചാൽ പഞ്ചായത്തുകളിൽ മഞ്ഞപിത്തം വ്യാപകമായിരിക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, എന്റെ നിയോജകമണ്ഡലത്തിലെ മൂന്നു പഞ്ചായത്തുകളിൽ ഉണ്ടായിട്ടുള്ള മഞ്ഞപിത്ത രോഗത്തെക്കുറിച്ച് മന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ വേണ്ടിയാണ് ഈ സബ്മിഷൻ. ഈ അടുത്ത കാലത്തുണ്ടായ കോളറ എന്ന പകർച്ചവ്യാധിയെപ്പറ്റി അത്ര ഗൗരവതരമായി ഗവൺമെന്റും മന്ത്രിയും നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ ഈ അപകടം ഒഴിവാക്കാൻ കഴിയുമായിരുന്നു. അന്നത്തെ അശ്രദ്ധയാണ് ആറുപേരുടെ ജീവൻ അപഹരിക്കപ്പെട്ടത്. ഇന്ന് മഞ്ഞപ്പിത്തം പലയിടങ്ങളിലും പടർന്നുപിടിച്ചിരിക്കുന്നു. ഈ മൂന്ന് പഞ്ചായത്തുകളിലെ 16 വയസ്സിന് താഴെയുള്ള കുട്ടികളെയാണ് മഞ്ഞപ്പിത്തം ബാധിച്ചിരിക്കുന്നത്. ഈ സ്ഥിതി വിശേഷം വളരെ ഗൗരവത്തോടുകൂടി കാണേണ്ടതാണ്. കാരണം വെള്ളത്തിൽക്കൂടിയും ഭക്ഷണത്തിൽക്കൂടിയുമാണ് ഇത് പകരുന്നതെന്ന് എല്ലാ പേർക്കുമറിയാം. ശുദ്ധജലം ആ പ്രദേശത്ത് കൊടുക്കാൻ നിവൃത്തിയില്ലാതായിരിക്കുന്നു. ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയും കേൾക്കേണ്ടതാണ്. വളരെക്കാലമായി തുടങ്ങിയ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ പൂർത്തിയാകാതിരിക്കുന്നതുകൊണ്ട് ഉള്ള വെള്ളം കൊടുക്കുകയാണ് പതിവ്. ഇന്നിപ്പോൾ അതുമില്ല. ഒലിച്ചുവരുന്ന വെള്ളം ക്ലോറിൻപോലും ചേർക്കാതെയാണ് കൊടുക്കുന്നതെന്ന പരാതിയുണ്ട്. ആ വെള്ളം കുടിച്ച കുട്ടികൾക്കാണ് ഈ അപകടമുണ്ടായിട്ടുള്ളത്. ഇതിന് പ്രതിരോധ നടപടികളെടുക്കേണ്ടതായിരുന്നു. ഇനിയും താമസിയാതെ രോഗപ്രതിരോധ നടപടികളെടുത്തില്ലെങ്കിൽ കുട്ടികൾക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാകും. സ്കൂളിന് ഒരു ആഴ്ചത്തെ അവധി കൊടുത്തിരിക്കുകയാണ്. അത്രമാത്രം ഗൗരവതരമായ ഒരു കാര്യമാണ്. എന്നുമെന്നും പകർച്ചവ്യാധികളെക്കുറിച്ച് പറയുവാനൊരു സന്ദർഭമുണ്ടാക്കാതെ ഒരിക്കലുണ്ടാകുമ്പോൾ ബാക്കി കാര്യങ്ങൾകൂടി ഒന്നന്വേഷിച്ച് ഭാവിയിൽ ഉണ്ടാകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മാത്രമല്ല നല്ല വെള്ളം കൊടുക്കാനുള്ള നടപടിയുണ്ടാകണം. നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ പൂർത്തിയാക്കി വെള്ളം കൊടുക്കുവാനെങ്കിൽ വഴിയുണ്ടാകണം.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി.കബീർ) നെടുങ്കുന്നം സെന്റ് തെരേസാസ് ഗേൾസ് ഹൈസ്ക്കൂളിലേയും അവിടത്തെയും തന്നെ യു.പി., എൽ. പി. നഴ്സറി സ്കൂളുകളിലെയും ഏകദേശം 200- ഓളം വിദ്യാർത്ഥികളിൽ 'എ' ഗ്രൂപ്പ് ഹെപ്പറ്റൈറ്റിസ് വൈറസ് പരത്തുന്ന രോഗ

LIBRARY ARCHIVES Kerala Legislative Assembly